കേരളസർവകലാശാല

നം.പി.ആർ.35/2021

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഫെബ്രുവരി 23 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) പരീക്ഷകളുടെ (ഫെബ്രുവരി 2021) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ച് 3 മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി./സ്പെഷ്യൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാസമയം രാവിലെ 09.30 മുതൽ 04.30 വരെ.

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ ആറ്, എട്ട്, പത്ത് സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.ബി.എ. (ബി.എം.-എം.എ.എം.) പരീക്ഷയുടെ പ്രോജക്ട്/വർക്ക്എക്സ്പീരിയൻസ്/പ്രോജക്ട് ആന്റ് കോംപ്രിഹെൻസീവ് വൈവ വോസി യുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക്. 2008 സ്കീം/2013 സ്കീം – സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷ ഡിസംബർ 2020 ന്റെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. 2008 സ്കീമിന് ഫെബ്രുവരി 24 മുതലും 2013 സ്കീമിന് ഫെബ്രുവരി 23 മുതലും പരീക്ഷ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി – അപേക്ഷാ തീയതി നീട്ടി

കേരളസർവകലാശാലയുടെ കീഴിലുള്ള രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് 2020–21 വർഷത്തേക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 20 വരെ നീട്ടിയിരിക്കുന്നു. ഫെബ്രുവരി 25 ന് പ്രവേശനപരീക്ഷയും 26 ന് അഭിമുഖവും നടത്തുന്നതായിരിക്കും. പ്രസ്തുത കോഴ്സിന് മാർച്ച് 8 ന് ക്ലാസുകൾ ആരംഭിക്കുന്നതായിരിക്കും.

## പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ച് 10 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് (2015 സ്കീം – സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷ, മാർച്ച് 2021 പരീക്ഷയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 17 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 20 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ആലപ്പുഴ ജില്ലയിലെ തീരദേശ ജൈവവൈവിധ്യവും നാട്ടറിവുകളും: കേരളസർവകലാശാലയുടെ ഗവേഷണ പ്രോജക്ടിന് സമാരംഭം

കേരളസർവകലാശാല "ആലപ്പുഴ ജില്ലയിലെ തീരദേശ ജൈവവൈവിധ്യവും മീൻപിടുത്തക്കാരുടെ നാട്ടറിവുകളും: ഒരു പൗരശാസ്ത്ര സമീപനം" എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളികളേയും പൗരശാസ്ത്രജ്ഞരേയും ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ തീര, സമുദ്ര ജൈവവൈവിധ്യം രേഖപ്പെടുത്തുക; ആലപ്പുഴ ജില്ലയിലെ തീരജൈവവൈവിധ്യം, മത്സ്യബന്ധനരീതികൾ, ചാകര എന്നിവയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ രേഖപ്പെടുത്തുക; ആലപ്പുഴ ജില്ലയുടെ തീര, സമുദ്ര, ജൈവവൈവിധ്യത്തെക്കുറിച്ച് സമഗ്രമായ ഒരു പുസ്തകവും വീഡിയോ ഡോക്യുമെന്ററിയും പ്രസിദ്ധീകരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് പ്രോജക്ട് നടപ്പിലാക്കപ്പെടുന്നത്. സമുദ്ര, ജൈവവൈവിധ്യത്തെ രേഖപ്പെടുത്തുന്നതിനായി പൗരശാസ്ത്രജ്ഞരുടേയും മത്സ്യത്തൊഴിലാളികളുടേയും സേവനം ഉപയോഗിക്കുന്ന കേരളത്തിലെ ആദ്യത്തെ സമഗ്ര ഗവേഷണ പദ്ധതിയാണിത്. കൂടാതെ ജൈവവൈവിധ്യത്തിന്റ സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള വിജ്ഞാന അടിത്തറയായി തയ്യാറാക്കപ്പെടുന്ന പ്രോജക്ട് റിപ്പോർട്ട് മാറുമെന്നാണ് പ്രതീക്ഷ. പ്രാദേശിക ഭരണകൂടങ്ങളുടെ വികസന പ്രോജക്ടുകൾക്ക് അനിവാര്യമായ ജൈവവിഭവങ്ങളുടെ സ്ഥിതിവിവരക്കണക്ക്, ആവാസവ്യവസ്ഥകൾ അടിസ്ഥാനമാക്കിയുള്ള വിഭാവമാനേജ്മെന്റ് നിർദേശങ്ങൾ എന്നിവ തദ്ദേശീയ ഭരണകൂടങ്ങൾക്കും കേരള ജൈവവൈവിധ്യ ബോർഡിനും ഗവേഷണ പ്രോജക്ടിലൂടെ ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് പദ്ധതി നടപ്പിലാക്കുന്ന കേരളസർവകലാശാലയിലെ അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് വിഭാഗം മേധാവി അറിയിച്ചു.

ഗവേഷണ പദ്ധതിയുടെ ഉദ്ഘാടനം ബഹു.പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ.ജി. സുധാകരൻ ആലപ്പുഴ കളർകോട് കേരള സർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്ററിൽ വച്ച്ഫെബ്രുവരി 12 വെള്ളിയാഴ്ച രാവിലെ 10.30 ന് നിർവഹിക്കും. കേരളസർവകലാശാല സിൻഡിക്കേറ്റ് അംഗ് അഡ്വ.കെ.എച്ച്.ബാബുജാൻ അദ്ധ്യക്ഷത വഹിക്കും.

ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് നടക്കുന്ന ശിൽപശാലയിൽ ഗവേഷണ പ്രോജക്ടിന്റെ ലക്ഷ്യങ്ങളും രീതിശാസ്ത്രവും അവതരിപ്പിക്കുകയും സന്നദ്ധ സംഘടനകൾ, പൗര ശാസ്ത്രജ്ഞർ, മത്സ്യത്തൊഴിലാളികൾ, പരിസ്ഥിതി സ്നേഹികൾ എന്നിവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യും. പദ്ധതിയിൽ ഭാഗഭാക്കാകാൻ താൽപ്പര്യമുള്ള വ്യക്തികൾക്ക് ശിൽപശാലയിൽ പങ്കെടുക്കാം. (ഫോൺ: 9746622624, 9544759392). (പ്രൊഫ.എ.ബിജുകുമാർ: 9447216157, 8921865558).

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
11.02.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

E-mail:ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675